# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ സെപ്റ്റംബർ 2016)

Ph : 0490 2344430, E-mail : catechesistly@gmail.com

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
> (ലൂക്കാ 2:52)

### 1. ഓണപരീക്ഷ - സെപ്റ്റംബർ 11

ഓണപരീക്ഷ സെപ്റ്റംബർ 11-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷാചോദ്യപേപ്പർ 10-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 11-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് തലേ ഞായറാഴ്ച്ച പള്ളിയിൽ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.** പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

| | | | |
|---|---|---|---|
| ക്ലാസ് | I, II | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് | III | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് | IV-VII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് | VIII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് | IX | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് | X | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | ഭാഗം 1:1 - 4 അദ്ധ്യായങ്ങൾ |
| ക്ലാസ് | XI | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | | ഉപപാഠപുസ്തകം | 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് | XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

### 2. ജനറൽ/മോഡൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

### 3. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 30**നാണ്. ഇക്കാര്യം കുട്ടികളെ നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെകൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം.** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

**അധ്യായങ്ങൾ**
1. മാധ്യമങ്ങളും അവയുടെ നന്മകളും
2. മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3. മാധ്യമങ്ങളെ എങ്ങനെ സമൂഹനന്മയ്ക്കായി ഉപയോഗിക്കാം.

### 4. ആസ്പെക്ട്

ഈ വർഷത്തെയും അടുത്തവർഷത്തെയും അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് ഡോ. പോൾ പള്ളത്ത് എഴുതിയ "ഭാരതകത്തോലിക്ക സഭ ഇന്നലെയും ഇന്നും" എന്ന ഗ്രന്ഥമാണ്. പകുതി ഭാഗം ഈ വർഷവും ബാക്കി ഭാഗം അടുത്തവർഷവും എന്ന രീതിയിലാണ് പുസ്തക പഠനം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ അധ്യാപകർക്കും സ്വന്തമായി ഈ പുസ്തകം ഉള്ളത് വളരെ നല്ലതാണ്. അതുപോലെ എല്ലാ സൺഡേസ്കൂൾ ലൈബ്രറികളിലേക്കും വാങ്ങേണ്ടതാണ്. 250 രൂപ വിലയുള്ള പുസ്തകം അധ്യാപകർക്കു മാത്രം 100 രൂപയ്ക്ക് ലഭ്യ

മാകുന്നതാണ്. 80 രൂപ അടച്ചവർ ബാക്കി 20 രൂപ അടച്ച് സഹകരിക്കുമല്ലോ. പുസ്തകം ഓണപരീക്ഷയുടെ ചോദ്യ പേപ്പറിനോടൊപ്പം ഫൊറോനകേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

### 5.ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 6. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും രണ്ട് സെമിനാറുകൾ നടത്തേണ്ടതാണ്. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ. ബഹു. മോൺ. താരാമംഗലത്തിലച്ചനും ബഹു. ജോസഫ് കുമ്പുക്കലച്ചനും സെമിനാറുകൾ നയിക്കാൻ സന്നദ്ധരാണ്. ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പേരാവൂർ, പനത്തടി എന്നീ ഫൊറോനകളിലെ സെമിനാറുകൾക്ക് നേതൃത്വം കൊടുത്ത ഫൊറോനാക്കമ്മിറ്റിക്ക് നന്ദി. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

### 7. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ സൺഡേ സുകൂളിലെ മുഴുവൻ കുട്ടികളുടേയും അധ്യാപകരുടേയും ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. വെബ്സൈറ്റിൽ കുട്ടികളുടെ പേര് കഴിഞ്ഞവർഷം ചേർത്തവർ ഈ വർഷം ഒന്നാം ക്ലാസിലെ കുട്ടികളെ മാത്രം ചേർക്കുകയും മറ്റ് ക്ലാസ്സുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യുക. ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2016-2017 എന്ന തലകെട്ടിൽ കാണാവുന്നതാണ്.

### 8. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae )

അധ്യാപകർക്കായി നടത്തുന്ന ദൈവശാസ്ത്രകോഴ്സിന്റെ ആദ്യത്തെ ബാച്ചിന്റെ പഠനം ഈ അധ്യയനവർഷം പൂർത്തിയാവുകയാണ്. എല്ലാ പഠനാർത്ഥികളെയും അഭിനന്ദിക്കുകയും ദൈവശാസ്ത്രപഠനത്തിന് പ്രോത്സാഹനം നല്കുന്ന ബഹു. വികാരിയച്ചന്മാർക്ക് നന്ദി പറയുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്തതിന് ശേഷം ഏതെങ്കിലും കാരണത്താൽ പഠനം മുടങ്ങിയവർ ഓഫീസുമായി ബന്ധപ്പെട്ടാൽ അവർക്ക് സ്പെഷ്യൽ ക്ലാസുകൾ നല്കി പഠനം പൂർത്തിയാക്കുവാൻ സഹായിക്കുന്നതാണ്. കൂടാതെ ഫീസുകൾ അടക്കാൻ ബാക്കിയുള്ളവർ എത്രയും വേഗം കാറ്റക്കിസം ഓഫീസിൽ അടക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ വേണ്ട നടപടികൾ സ്വീകരിക്കാൻ സഹകരിക്കുമല്ലോ.

### 9. ശാലോം കാറ്റക്കെസിസ് മിഷൻ: സൺഡേ ശാലോം അധ്യാപകരുടെ കൈകളിൽ

അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ ആശീർവാദത്തോടെ തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടും സൺഡേ ശാലോമുമായി ചേർന്ന് ഒരുക്കുന്ന ശാലോം കാറ്റക്കെസിസ് മിഷൻ കേരളത്തിൽ ആദ്യമായി നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കുന്നു. വിശ്വാസപരവും സഭാപരവും ദൈവശാസ്ത്രപരവുമായ കാര്യങ്ങൾ അറിയുവാനും പഠിക്കുവാനും അധ്യാപകർക്ക് ലഭിക്കുന്ന ഒരു സുവർണ്ണാവസരമാണിത്. അടുത്ത മാസം മുതൽ അതിരൂപതയിലെ മുഴുവൻ അധ്യാപകരുടേയും കൈകളിൽ ഒരു വർഷത്തേക്ക് സൺഡേ ശാലോം സൗജന്യമായി എത്തുന്നു. വിശ്വാസപരിശീലന രംഗത്ത് വളരെ അധികം സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന ശാലോമിനെ അഭിനന്ദിക്കുന്നതോടൊപ്പം ഈ വലിയ മിഷൻ പ്രവർത്തനത്തിന് ശാലോമിന്റെ സഹകാരികളായി പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ